**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2012-17) - ആസൂത്രണ മാർഗ്ഗരേഖയും, സബ്സിഡി മാർഗ്ഗരേഖയും കൂടുതൽ ഉൾപ്പെടുത്തലുകൾ/ഭേദഗതികൾ അംഗീകരിച്ച് പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം. **397/2017**/തസ്വഭവ തീയതി, തിരുവനന്തപുരം, **13.02.2017.**

പരാമർശം :-1) സ:ഉ(എം.എസ്)നം.04/2016/തസ്വഭവ തീയതി 11.01.2016.
2) സ.ഉ(സാധാ)നം.50/2017/തസ്വഭവ തീയതി 07.01.2017.
3) 01.02.2017 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി നടപടിക്കുറിപ്പ് ഇനം നമ്പർ 2.5, 2.6, 2.8, 2.9, 2.10, 2.13, 2.21, 2.23, 2.24

## <u>ഉത്തരവ്</u>

പരാമർശം (3) ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ നടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ പരാമർശം (1),(2) സർക്കാർ ഉത്തരവുകളിൽ ചുവടെ ചേർത്തിട്ടുള്ള ഉൾപ്പെടുത്തലുകൾ/ഭേദഗതികൾ അംഗീകരിച്ച് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**2)** നിലവിലെ ഉത്തരവുപ്രകാരം ആശുപത്രികളിലും മറ്റും മരുന്ന് വാങ്ങേണ്ടത് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നാണ്. എന്നാൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം നേരിടുന്നു എന്ന് പല തദ്ദേശഭരണ സ്ഥാപനങ്ങളും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന രീതി അവലംബിക്കാൻ നിർദ്ദേശം നൽകുന്നു.

- മരുന്നുകളുടെ ആവശ്യകത മുൻകൂട്ടി നിശ്ചയിച്ച് രണ്ടുമാസം മുമ്പേ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തന്നെ ഇന്റന്റ് നൽകി മരുന്ന് വാങ്ങാൻ നടപടി സ്വീകരിക്കേണ്ടതാണ്.
- ആരോഗ്യ വകുപ്പിൽ നിന്നോ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നോ മരുന്നു ലഭിക്കാൻ താമസമുണ്ടായാൽ അത്യാവശ്യ സ്വഭാവമുള്ള മരുന്നുകൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിനു

വിധേയമായി തൽക്കാല ആവശ്യത്തിന് കാരുണ്യ, നീതി സ്റ്റോർ, ജൻ ഔഷധി എന്നിവിടങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്. ഇതിനായി അംഗീകരിച്ച പ്രോജക്ടിലെ വിഹിതമോ തനത് ഫണ്ടോ ഉപയോഗിക്കാവുന്നതാണ്. അടിയന്തിര ഘട്ടങ്ങളിൽ ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മിറ്റി ഫണ്ട് ഉപയോഗിക്കണം.

- മാരക രോഗമടക്കമുള്ള ചികിത്സയ്ക്ക് ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ ആശുപത്രി മുഖേന രോഗികൾക്ക് നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കാവുന്നതും മരുന്ന് വാങ്ങി നൽകാവുന്നതുമാണ്. മാരകരോഗങ്ങൾക്ക് ഡോക്ടർമാർ നിർദ്ദേശിക്കുന്ന പ്രത്യേക ചികി ത്സകളും മരുന്നുകളും പ്രോജക്ടിൽ ഉൾപ്പെടുത്താവുന്നതാണ്.

**3)** കൃഷി മേഖലയിൽ പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടീൽ വസ്തുക്കൾക്ക് **100%** സബ്സിഡി നൽകാൻ **28.12.2016**-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമെടുത്തിരുന്നു. ഇത് പച്ചക്കറികൃഷിക്ക് മാത്രമാണെന്ന് സ്പഷ്ടീകരണം നൽകുന്നു. തെങ്ങ്, മാവ്, ജാതി തുടങ്ങിയ ഫലവൃക്ഷങ്ങൾക്ക് ഇത് ബാധകമല്ല.

**4)** നടപ്പുവർഷം അധിക വിഹിതമായി ലഭിച്ച തുക ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിലെ മേഖല വിഭജന മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

- അധികവിഹിതമായി ലഭിച്ച തുക ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ മേഖല വിഭജനം നടത്തി പ്രോജക്ടുകൾ എടുക്കേണ്ടതാണ്. അത്തരം പ്രോജക്ടുകൾ മാത്രം സ്പിൽ ഓവറായി **31.07.2017** വരെ തുടരാവുന്നതാണ്. എന്നാൽ സ്പിൽഓവർ ആക്കുന്നതിനായി പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി നിർവ്വഹണ നടപടികൾ തുടങ്ങിയിരിക്കണം. (ഉദാ. സാങ്കേതിക അനുമതി വാങ്ങൽ, കരാർവയ്ക്കൽ തുടങ്ങിയ)

**5)** വാർഷിക പദ്ധതി ഭേദഗതി വരുത്തുന്നതിനുള്ള സമയം **20.02.2017** വരെ നീട്ടുന്നതിന് തീരുമാനിച്ചു.

**6)** അധിക പദ്ധതി വിഹിതം ഉൾപ്പെടെ വികസന ഫണ്ട് ഉപയോഗിച്ച് മറ്റ് പ്രോജക്ടുകൾ സ്വീകരിച്ചശേഷം മിച്ചം തുക ഉണ്ട് എങ്കിൽ അത് ഉപയോഗിച്ച് താഴെപ്പറയുന്നവയ്ക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

- ഇ.എം.എസ് ഭവന പദ്ധതി പ്രകാരമുള്ള ബാങ്ക് ലോണിന്റെ തിരിച്ചടവ്

- **PMAY/BSUP/IHSDP/IAY/RAY** പദ്ധതി പ്രകാരം പണിയുന്ന നിർമ്മാണം മുടങ്ങിക്കിടക്കുന്ന വീടുകൾ പൂർത്തീകരിക്കുന്നതിന് പുതിയ നിരക്ക പ്രകാരം നൽകാനുള്ള ഗഡുക്കൾ നൽകൽ

- **PMAY** പദ്ധതി പ്രകാരം പണിയുന്ന വീടുകളുടെ അവസാന ഗഡു നൽകൽ

- തദ്ദേശഭരണ സ്ഥാപനം ഏടുത്ത **KURDFC/**സമാന ലോൺ തിരിച്ചടവ്

- പഞ്ചായത്ത് അടയ്ക്കേണ്ട വൈദ്യുതി, വെള്ളക്കരം ഇവയുടെ കുടിശ്ശിക അടയ്ക്കൽ

- ജലനിധി പ്രോജക്ടുകൾക്ക് ഈ വർഷം അടയ്ക്കേണ്ട പഞ്ചായത്ത് വിഹിതം അടയ്ക്കൽ

**7)** പട്ടികജാതി/പട്ടികവർഗ്ഗ/പൊതു വിഭാഗക്കാരായ വൃദ്ധർക്ക നൽകുന്ന കട്ടിലിന്റെ യൂണിറ്റ് ചെലവ് **3500/-** രൂപയായി തീരുമാനിച്ചു. ഇതിന്റെ ഗുണനിലവാരം നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ വരുത്തേണ്ടതാണ്.

**8)** ക്ഷീരസംഘങ്ങൾ മുഖേന ക്ഷീരകർഷകർക്ക് പാലിനുസബ്സിഡി കൊടുക്കുന്നതിന് താഴെ പറയുന്ന രീതി സ്വീകരിക്കേണ്ടതാണ്.

- തദ്ദേശ ഭരണസ്ഥാപനങ്ങൾ സംയുക്തമായാണ് പ്രോജക്ട് തയ്യാറാക്കുന്നതെങ്കിൽ ജില്ല, ബ്ലോക്ക പഞ്ചായത്തുകൾ തങ്ങളുടെ വിഹിതം ഗ്രാമപഞ്ചായത്ത് ഡയറി ഫാം ഇൻസ്പെക്ടർമാർ മുഖേന ക്ഷീര സംഘങ്ങൾക്ക് നൽകണം.

- ഗ്രാമപഞ്ചായത്തുകൾ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടില്ലെങ്കിൽ ബ്ലോക്ക് പഞ്ചായ ത്തുകൾ സബ്സിഡി തുക ഡയറി എക്സ്റ്റൻഷൻ ഓഫീസർ മുഖേന ക്ഷീര സംഘങ്ങൾക്ക് കൈമാറണം.

- ജില്ലാ പഞ്ചായത്തുകൾ ഡയറി എക്സ്റ്റൻഷൻ ഓഫീസർ മുഖേന ക്ഷീര സംഘങ്ങൾക്ക് കൈമാറണം. ബ്ലോക്ക പഞ്ചായത്തുകൾ പ്രോജക്ടുകൾ വച്ചിട്ടില്ലെങ്കിലും ഈ പ്രക്രിയ പാലിക്കേണ്ടതാണ്.

- ഇപ്രകാരം ത്രിതലപഞ്ചായത്തുകൾ ക്ഷീരസംഘങ്ങൾക്ക് കൈമാറുന്ന തുക ബന്ധപ്പെട്ട ഡയറി ഫാം ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ

ക്ഷീരകർഷകർക്ക ബാങ്ക് അക്കൗണ്ടിലൂടെ നൽകണം.

- ഒരു ലിറ്റർ പാലിന് ഡിപ്പാർട്ടുമെന്റ് സബ്സിഡിയടക്കം പരമാവധി **4.00** രൂപ മാത്രമേ നൽകുന്നുള്ളു എന്ന് ഉറപ്പാക്കേണ്ടത് ഡയറിഫാം ഇൻസ്ട്രക്ടറുടെ ചുമതലയാണ്. ഒരു കർഷകന് കൊടുക്കാവുന്ന പരമാവധി തുക (തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം) യായ **20000/-** രൂപയിൽ കവിയുന്നില്ല എന്നതും ഡയറിഫാം ഇൻസ്ട്രക്ടർ ഉറപ്പാക്കണം.

**9)** പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി പണിയുന്നതിന് മാർഗരേഖയിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് **50%** തുക അഡ്വാൻസ് നൽകാവുന്നതാണ്.

**10)** പട്ടികജാതി പട്ടികവർഗ വിഭാഗത്തിലെ അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് **30,000/-** രൂപ വരെ വിലയുള്ള ലാപ് ടോപ് വാങ്ങി നൽകാവുന്നതാണ്. പരാമർശം **(4)** തീരുമാനത്തിൽ പറയുന്ന ഐ.ടി. മിഷൻ നിർദ്ദേശിക്കുന്ന മിഡ്—ലെവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ് ആയിരിക്കണം വാങ്ങേണ്ടത്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ.മോഹനകുമാർ**
**ഗവ.ജോയിന്റ് സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്**:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്.ന്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ് ന്

**ഉത്തരവിൻ പ്രകാരം**

Saradadevi

**സെക്ഷൻ ഓഫീസർ**